നം. KINFRA/PVTHR/Tend-02/2015-16 05/12/2015

# ലേല ദർഘാസ് പരസ്യം

## കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്ക്, പിറവന്തൂർ

## പത്തനാപുരം, കൊല്ലം ജില്ല

കൊല്ലം ജില്ലയിൽ പത്തനാപുരം താലൂക്കിൽ പിറവന്തൂർ വില്ലേജിൽ കിൻഫ്രയുടെ അധീനതയിലുള്ള സ്ഥലത്ത് മുറിച്ചിട്ടിരിക്കുന്നതും അല്ലാത്തതുമായ 92 മരങ്ങൾ കിൻഫ്ര വിൽപ്പന ചെയ്യുവാൻ തീരുമാനിച്ചിരിക്കുന്നു. ആയതിനാൽ കിൻഫ്രയുടെ കോമ്പൗണ്ടിൽ നിന്നും ഇവ വിൽപ്പന ചെയ്ത് നീക്കുന്നതിനുവേണ്ടി പരസ്യ ലേലം / സമാന്തരമായി മുദ്രവെച്ച ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു. ദർഘാസുകൾ പുനലൂർ പിറവന്തൂരിലുള്ള കിൻഫ്രയുടെ പാർക്ക് ഓഫീസിൽ നിന്നും 05/12/2015 രാവിലെ 9.30 മണി മുതൽ 19/12/2015 വൈകുന്നേരം 5 മണിവരെ എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഓഫീസ് സമയത്ത് ( Rs.500 + VAT@ 5% ) നിരക്കിൽ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ കോപ്പി സഹിതം രേഖാമൂലം അപേക്ഷിച്ചാൽ ലഭിക്കുന്നതാണ്. ദർഘാസുകളോടൊപ്പം നിരതദ്രവ്യമായി മാനേജിംഗ് ഡയറക്ടർ, കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന Rs.3775/- (മൂവായിരത്തി എഴുന്നൂറ്റി എഴുപത്തിയഞ്ച് രൂപയുടെ) ക്രോസ് ചെയ്ത ഡി.ഡി യും സമർപ്പിക്കേണ്ടതാണ്. മുദ്രവെച്ച ദർഘാസുകൾ കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്ക്, പിറവന്തൂരിൽ 21/12/2015 രാവിലെ 11.00 മണിവരെ സ്വീകരിക്കുന്നതും കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്ക്, പിറവന്തൂരിൽ 21/12/2015 രാവിലെ 11.30 ന് ലേലം ആരംഭിക്കുന്നതുമാണ്. തുടർന്ന് ഹാജരായിട്ടുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ ദർഘാസുകൾ തുറക്കുന്നതുമാണ്. ലേലത്തിൽ പങ്കെടുക്കേണ്ടവർ ടെണ്ടറിനൊപ്പം സമർപ്പിക്കുന്ന ഡി.ഡി യുടെ പകർപ്പ് കൈയ്യിൽ സൂക്ഷിക്കേണ്ടതാണ്. ആവശ്യമായ നിരതദ്രവ്യം ഉൾപ്പെടുത്താത്ത ദർഘാസുകൾ നിരസിക്കുന്നതാണ്. ദർഘാസിലും ലേലത്തിലുമുള്ള തുകയിൽ ഏതാണോ വലുത് ആ തുക കരാർ തുകയായിരിക്കും. ദർഘാസ് നിബന്ധനകൾ അനുസരിച്ച് മേൽപ്പറഞ്ഞ മരങ്ങൾ നീക്കം ചെയ്യേണ്ടതാണ്. യാതൊരു കാരണവും കാണിക്കാതെ തന്നെ ഏതൊരു / എല്ലാ ദർഘാസും നിരസിക്കാനുള്ള അധികാരം മാനേജിംഗ് ഡയറക്ടറിൽ / ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്.

വിശദവിവരങ്ങൾ കിൻഫ്രയുടെ പിറവന്തൂരിലുള്ള ഓഫീസിൽ നിന്നും പ്രവൃത്തിദിവസങ്ങളിൽ ലഭിക്കുന്നതാണ്.

മാനേജിംഗ് ഡയറക്ടർ

കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ

ശാസ്തമംഗലം

തിരുവനന്തപുരം

കോൺട്രാക്ടർ

issued to: